സംസ്ഥാനത്ത് പുതിയ സബ് ട്രെഷറികൾ

2 [2156] ശ്രീ. സുന്ദരം മാണിക്യം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ സബ് ട്രെഷറികൾ എവിടെയെല്ലാം ആരംഭിച്ചുവെന്നും ഇനി എവിടെ എല്ലാം പുതിയ ട്രെഷറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച എത്ര സബ് ട്രെഷറികളിൽ ട്രെഷറി സേവിംഗ്സ് ബാങ്ക് സൗകര്യം നൽകിയില്ല. ട്രെഷറി സേവിംഗ്സ് ബാങ്ക് സൗകര്യം പുതിയ ട്രെഷറികളിൽ അനുവദിക്കാതിരിക്കുന്നതിന് കാരണമെന്ത്;

(സി) ടി. എസ്. ബി. സൗകര്യമില്ലാത്ത സംസ്ഥാനത്തെ എല്ലാ ട്രെഷറികളിലും ഈ സംവിധാനം അനുവദിക്കുന്നതിനും പുതിയതായി ആരംഭിക്കുന്ന എല്ലാ ട്രെഷറികളും ടി. എസ്. ബി. സൗകര്യത്തോടുകൂടി അനുവദിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെ എല്ലാം ഇപ്പോൾ പെൻഷൻ പേയ്മെൻറ് സബ് ട്രെഷറികൾ പ്രവർത്തിക്കുന്നുവെന്നും ഇനി എവിടെ എല്ലാം പെൻഷൻ പേയ്മെൻറ് സബ് ട്രെഷറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ; പെൻഷൻകാരുടെ സൗകര്യാർത്ഥം സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പെൻഷൻ പേയ്മെൻറ് സബ് ട്രെഷറികൾ തുറക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഇ) പെൻഷൻകാർക്കുവേണ്ടി എന്തെല്ലാം പുതിയ പരിഷ്കാരങ്ങളാണ് സംസ്ഥാനത്തെ ട്രെഷറികളിൽ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന 11 സബ് ട്രെഷറികൾ ആരംഭിച്ചിട്ടുണ്ട്.

സബ് ട്രെഷറി, വിതുര, സബ് ട്രെഷറി, അഞ്ചൽ, സബ് ട്രെഷറി, കടയ്ക്കൽ, സബ് ട്രെഷറി, മലയൻകീഴ്, സബ് ട്രെഷറി, തിരുവാമ്പാടി, സബ് ട്രെഷറി, ബാലുശ്ശേരി, സബ് ട്രെഷറി, കിളിമാനൂർ, അഡീഷണൽ സബ് ട്രെഷറി, എറണാകുളം, പെൻഷൻ പേയ്മെൻറ് സബ് ട്രെഷറി, എറണാകുളം, പെൻഷൻ പേയ്മെൻറ് സബ് ട്രെഷറി, ആലപ്പുഴ, പെൻഷൻ പേയ്മെൻറ് സബ് ട്രെഷറി, കൊല്ലം.

താഴെ പറയുന്ന മൂന്ന് സബ് ട്രെഷറികൾ കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഗാന്ധിനഗർ (കോട്ടയം ജില്ല), അന്നമനട (തൃശ്ശൂർ ജില്ല), പെൻഷൻ പേയ്മെൻറ് സബ് ട്രെഷറി കോഴിക്കോട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച എല്ലാ സബ് ട്രെഷറികളിലും ട്രെഷറി സേവിംഗ്സ് ബാങ്ക് സൗകര്യം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിഗണിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ ഇപ്പോഴെ പെൻഷൻ പേയ്മെൻറ് സബ് ട്രെഷറികളെ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ഒരു പെൻഷൻ പേയ്മെൻറ് സബ് ട്രെഷറി 5-4-1991-ൽ തുറക്കുന്നതാണ്. പെൻഷൻകാരുടെ എണ്ണത്തിനനുസൃതമായി മറ്റു ജില്ലാ ആസ്ഥാനങ്ങളിൽ പെൻഷൻ പേയ്മെൻറ് സബ് ട്രെഷറികളും തുറക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) തിരുവനന്തപുരം പെൻഷൻ പേയ്മെൻറ് ട്രെഷറിയിൽ പെൻഷൻകാർക്ക് പ്രാഥമികാവശ്യം നിറവേറ്റാൻ വേണ്ടുന്ന സൗകര്യം ഏർപ്പെടുത്താൻവേണ്ട നിർദ്ദേശം ട്രെഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ട്രെഷറി തുടങ്ങുന്നതിന് നടപടി

3 [2157] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എവിടെയെങ്കിലും പുതുതായി ട്രെഷറി തുടങ്ങുന്നതിന് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ തെന്മല കേന്ദ്രമാക്കി ഒരു സബ് ട്രെഷറി ആരംഭിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ട്രെഷറി തുടങ്ങുന്നതിന്റെ ആവശ്യകതയും സാമ്പത്തിക ബാദ്ധ്യതയും കണക്കിലെടുത്ത് തീരുമാനം എടുക്കുന്നതാണ്.

കിളിമാനൂരിൽ ഒരു സബ് ട്രെഷറി ആരംഭിക്കാൻ നടപടി

4 [2158] ശ്രീ. സുന്ദരം മാണിക്യം: താഴെകാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂരിൽ ഒരു പുതിയ സബ് ട്രെഷറി ആരംഭിക്കുന്ന കാര്യം ഏതു ഘട്ടത്തിലാണ്; ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കിളിമാനൂരിലെ സബ് ട്രെഷറി 1-4-1991-ൽ പ്രവർത്തനം തുടങ്ങി.

ട്രെഷറി സമ്പാദ്യപദ്ധതി കാര്യക്ഷമമാക്കാൻ നടപടി

5 [2159] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പരിഷ്കരിച്ച ട്രഷറി സമ്പാദ്യ പദ്ധതി വഴി ഉദ്ദേശം എത്ര കോടി രൂപ സംഭിരനിക്ഷേപമിനത്തിൽ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly